# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.375 19.10.2016 ന് മറുപടിയ്ക്ക്.

**വനമേഖലയിൽ ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.ആന്റണി ജോൺ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വനമേഖലയിൽ ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് 32 വനം ഡിവിഷനുകളുടെ കീഴിലായി 60 ഇക്കോ ടൂറിസം പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിൽ ഇക്കോടൂറിസം നടപ്പാക്കി വരുന്നത്. വനാശ്രിത സമൂഹങ്ങളുടെ നേതൃത്വത്തിൽ പങ്കാളിത്ത വന പരിപാലന സംവിധാനത്തിൻ കീഴിൽ പരിസ്ഥിതി സൗഹൃദമായി ഇക്കോടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. |
| (ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) സന്ദർശകർ കാലാകാലങ്ങളായി സന്ദർശിക്കുന്ന വനമേഖലകൾ കേന്ദ്രീകരിച്ച് ആ പ്രദേശത്തെ വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നേതൃത്വത്തിൽ സൂക്ഷ്മാസൂത്രണ രേഖകൾ തയ്യാറാക്കി ഇക്കോടൂറിസം നടപ്പാക്കാനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) വനമേഖലയിലെ ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട്, സന്ദർശകരുടെ സുരക്ഷയ്ക്കായി വനാശ്രിത സമൂഹത്തിൽ നിന്നുള്ള യുവാക്കളെ ഇക്കോ ടൂറിസം ഗൈഡുകളായി നിയോഗിക്കുന്നതിന് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. ആദ്യഘട്ടമായി 100 ആദിവാസി യുവാക്കളെ സംസ്ഥാന സർക്കാർ സ്ഥാപനമായ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് എന്ന സ്ഥാപനം വഴി പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ